Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon:)**

Government are not aware.

ബസ് ലൈൻ

* ക്വ. നം. (വ്യ. വ.) സാഹിബ് ബഹദൂർ കെ. എച്ച്. സുലൈമാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) എറണാകുളം മട്ടാഞ്ചേരിയും ഇടക്കൊച്ചി മട്ടാഞ്ചേരിയും ബസ് ലൈൻ ദേശവല്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നുമുതൽ?

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) ആലോചനയിൽ ഉണ്ട്.

(ബി) തീയതി തീർച്ചപ്പെടുത്തിയിട്ടില്ല.

ശ്രീ. നന്ദൻമേനോന്റെ രാജി

* ക്വ. ന. (വ്യ. വ.) ശ്രീ. ടി. എസ്സ്. ബന്ധു: താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

വൈസ് ചാൻസലർ ശ്രീ. നന്ദൻമേനോൻ തന്റെ ഉദ്യോഗം രാജി വയ്ക്കുവാനുള്ള കാരണമെന്താണ്?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

രാജിവയ്ക്കാനുള്ള കാരണം ഗവണ്മെണ്ടിനെ അറിയിച്ചിട്ടില്ല.

കോളേജ് പ്രവേശനം

* ക്വ. ങ. (ങ. ഠ) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹു. വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) എറണാകുളം മഹാരാജാസ് കോളേജിലേയ്ക്കുള്ള പ്രവേശനക്കാര്യത്തിൽ ഉണ്ടാകുന്ന പരാതികളെ പരിഹരിക്കുവാൻ ചില വ്യവസ്ഥകൾ ഉണ്ടാക്കിയിട്ടില്ലേ;

(ബി) അവ എന്തൊക്കെയാണ്;

(സി) അതിൽ റിസർവ് വ്യവസ്ഥ ഉൾപ്പെട്ടുമോ; എങ്ങിനെ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഉവ്വ്.

(ബി) വ്യവസ്ഥകൾ താഴെ കൊടുത്തിട്ടുണ്ട്.

(സി) ഉവ്വ്. ചട്ടങ്ങൾ രണ്ടുമുതൽ ഏഴുവരെ റിസർവ് വ്യവസ്ഥകൾ ആണ്.

RULES

1. Admission is open to all students belonging to geographical area covered by Cochin and Travancore.

2. Preference be given in the following order.—

(*a*) Students belonging to the area coming from schools and colleges situated within the area.

(*b*) Students belonging to the area coming from schools and colleges situated outside the area.

LIBRARY ARCHIVES Kerala Legislative Assembly